116 (518) കണ്ണൂർ ജില്ലയിലെ ഇരിട്ടിപ്പാലം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി-കൂർഗ് റോഡിലെ ഇരിട്ടി പാലത്തിന്റെ കാലാവധി കഴിഞ്ഞ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പാലം പുതുക്കി പണിയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പാലത്തിന് സമഗ്രമായ ഒരു പുനരുദ്ധാരണം ആവശ്യമാണെന്നു കണ്ടതിനെ തുടർന്ന് 25 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും മതിയായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ ഈ പണി മാറ്റി വച്ചിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഈ പണി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

117 (519) എം.എൽ.എ. റോഡിന്റെ പണി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എം.എൽ.എ. റോഡായ കാവിൽ മുനമ്പ് - മുള്ളൂൻ-വെള്ളിക്കീൻ-7-ാം മൈൽ-തൃച്ചമ്പരം-കോൾകെട്ട റോഡിന്റെ ഒന്നാം റീച്ച് (2 കി.മീ.) പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പത്ത് വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം വന്നതു എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നേരിട്ട് ഈ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കരാറുകാരന്റെ അനാസ്ഥ മൂലമാണ് ഈ പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വന്നത്.

LIBRARY ARCHIVES Kerala Legislative Assembly